കൃഷിഭൂമി വാങ്ങാൻ ആദിവാസികൾക്ക് വായ്പ നൽകുന്ന പദ്ധതി

330 [361] ശ്രീ. ഇ.കെ. മുഹമ്മദ് ബഷീർ:
,, പി. എം. അബൂബേക്കർ:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, നാലകത്തു സൂപ്പി:
,, കൊരമ്പയിൽ അഹമ്മദ് ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭൂമി വാങ്ങാൻ ആദിവാസികൾക്ക് വായ്പ നൽകുന്ന വല്ല പദ്ധതിയും സർക്കാർ നടപ്പാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് നടപ്പിലാക്കുന്ന ഏജൻസി ഏതാണ്;

(സി) ഇതിനകം എത്രപേർക്ക് വായ്പ നല്കി;

(ഡി) ഇവരിൽ എത്രപേർ ഭൂമിവാങ്ങി;

(ഇ) വായ്പ തിരിച്ചടയ്ക്കാൻ നോട്ടീസ് നൽകിയപ്പോഴാണ് ഇവരിൽ ചിലർ വായ്പയുടെ വിതരണംതന്നെ അറിയുന്നതെന്ന് അറിയുന്നതു ശരിയാണോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.

(സി) 69.

(ഡി) രേഖകൾപ്രകാരം ഇവരിൽ എല്ലാവരും ഭൂമി വാങ്ങിയിട്ടുണ്ട്.

(ഇ) മേൽപ്പറഞ്ഞ എല്ലാ വായ്പകളും 1984-85 വർഷത്തിൽ വയനാട് ജില്ലയിൽ അനുവദിച്ചതാണ്. ഇൻസ്പെക്ഷൻ സമയത്ത് ഇതിൽ ചില വായ്പകൾ അനുവദിച്ചത് സംശയാസ്പദവും, നിരക്ഷരരായ ഉപഭോക്താക്കൾ അറിയാതെയുമാണെന്ന് കണ്ടുപിടിച്ചു. മറ്റു ചില ക്രമക്കേടുകളും കണ്ടുപിടിക്കപ്പെട്ടു. ഇതു സംബന്ധിച്ച് സെക്രട്ടറിയറിലെ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിവരികയാണ്.

പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സർവ്വേ കമ്മിഷൻ റിപ്പോർട്ട്

331 [362] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. പി. പ്രഭാകരൻ:
,, വി. കെ. രാജൻ:
,, കെ. വി. സുരേന്ദ്രനാഥ്:
ഡോക്ടർ എ. സുബ്ബറാവു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സർവ്വേ കമ്മിഷൻ റിപ്പോർട്ട് ഗവൺമെന്റിനു എന്നാണ് സമർപ്പിച്ചത്;

(ബി) ഇതിലെ നിർദ്ദേശങ്ങൾ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനകം എത്തെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കി;

(ഡി) ബാക്കിയുള്ളവ എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-6-1982-ൽ

(ബി, സി) അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) ഇവയിൽ പലതും ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. പ്രത്യേക സമയപരിധി പറയുവാൻ സാധിക്കുകയില്ല.

ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കായി കേന്ദ്രം അനുവദിച്ച തുക

332 [363] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-85, 85.86, 86-87 എന്നീ വർഷങ്ങളിൽ ഹരിജനോദ്ധാരണത്തിനായി കേന്ദ്രം എത്ര സംഖ്യ സംസ്ഥാനത്തിനു അനുവദിച്ചു;

(ബി) ഇതിൽ തുക ലാപ്സായിട്ടുണ്ടോ; ഉണ്ടെങ്കിൽ ലാപ്സായ സംഖ്യ എത്ര;

(സി) ലാപ്സാകുവാനുണ്ടായ കാരണമെന്താണ്;

(ഡി) ഇതിനുത്തരവാദികളായവരുടെ പേരിൽ എന്തു നടപടികളാണ് എടുത്തതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

	വർഷം	അനുവദിച്ച തുക (സംഖ്യ ലക്ഷത്തിൽ)
(എ)	1984-85	319.20
	1985-86	347.97
	1986-87	400.04

(ബി) ഇല്ല.

(സി, ഡി) ഉദിക്കുന്നില്ല.

കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ പ്രമോഷനുള്ള യോഗ്യത

333 [364] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ജൂനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിൽ എത്രപേർ ജോലിനോക്കുന്നുണ്ട്;

(ബി) ഇവരിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെട്ടവരെത്ര;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

6. പ്രൈമറി ഹെൽത്ത് സെൻററുകൾ :—

1. പെരുന്നല്ലൂർ, വയനാട് ജില്ല
2. തരിയോട് ,,
3. മീനങ്ങാടി ,,
4. പുൽപ്പള്ളി ,,
5. മേപ്പാടി ,,
6. അഗളി, പാലക്കാട് ജില്ല
7. വിതുര, തിരുവനന്തപുരം ജില്ല
8. ചിറ്റാരുപ്പറമ്പ, കണ്ണൂർ

7. മിഡ്വൈഫറി സെൻററുകൾ :—

1. അച്ചൻ കോവിൽ
2. കാപ്പുസെറ്റ്
3. തരിയോട്
4. കണ്ണവം
5. തിരുനെല്ലി

8. മൊബൈൽ മെഡിക്കൽ യൂണിറ്റ് :—

1. തിരുവനന്തപുരം
2. തൊടുപുഴ
3. അമ്പലവയൽ
4. അട്ടപ്പാടി
5. നിലമ്പൂർ
6. വിതുര

അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 331 (362) കാണുക]

നിർദ്ദേശം 1

സംസ്ഥാനത്ത് പട്ടികജാതി പട്ടിക വർഗ്ഗങ്ങളുടെ ഇപ്പോഴുള്ള പട്ടിക പുതുക്കണം.

(1) പട്ടികജാതിയിൽപെട്ടതും സംസ്ഥാനത്ത് നിലവിലില്ലാത്തതുമായ സമുദായങ്ങളെ പട്ടികയിൽനിന്നും നിക്കംചെയ്യുക.

(2) ഒന്നിൽ കൂടുതൽ പേരുകളിലറിയപ്പെടുന്ന പട്ടിക ജാതികളേയും പട്ടിക വർഗ്ഗക്കാരേയും ഒറ്റ ജാതി/വർഗ്ഗമായി കാണുക.

(3) പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും ഉൾപ്പെട്ട മലയരെ പട്ടിക വർഗ്ഗത്തിൽനിന്നും നീക്കി പട്ടികജാതിയിൽ ഉൾപ്പെടുത്തുക.

(4) മലബാർ പ്രദേശത്തെ തണ്ടാൻമാരെ പട്ടികജാതിയിൽനിന്നും നീക്കം ചെയ്യണം.

(5) പുള്ളുവൻ, ചെമ്മാൻ എന്നീ ജാതികളുടെ പേര് പട്ടികജാതിയിൽ ഉൾപ്പെടുത്തണം.

(6) മേൽപ്പറഞ്ഞ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് പട്ടികജാതി—പട്ടിക വർഗ്ഗക്കാരുടെ ലിസ്റ്റ് പുതുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(7) പ്രത്യക്ഷാദൈവ സഭയിലെ അംഗങ്ങളെപ്പറ്റി ഒരു സാമൂഹ്യ സാമ്പത്തിക നരവംശ ശാസ്ത്ര സർവ്വെ നടത്തണം.

(8) പട്ടികജാതിയിൽ / പട്ടികവർഗ്ഗത്തിൽപ്പെടുത്തുന്നതിനുവേണ്ടി യുള്ള മറ്റു ജാതിക്കാരുടെ അപേക്ഷ, ഒരു സാമൂഹ്യ സാമ്പത്തിക നരവംശ ശാസ്ത്ര സർവ്വെ നടത്തി പരിശോധിക്കണം.

(9) വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന പ്രവണത തടയാൻ, വ്യാജ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നവരുടെ പേരിൽ നടപടികൾ സ്വീകരിക്കണം.

നിർദ്ദേശം 2—വിദ്യാഭ്യാസം

1. (1) എല്ലാ പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കും ഇന്നുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ തുടർന്നും ലഭ്യമാക്കണം.

(2) പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ട പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിലെ കുട്ടികൾക്ക് പ്രീ–പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിന് താമസസൗകര്യങ്ങളോടുകൂടിയ പ്രത്യേക സ്കൂളുകൾ സ്ഥാപിക്കുക.

(3) ജീവിതച്ചെലവിലുണ്ടായിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം.

(4) പരീക്ഷകളിൽ തോൽക്കാത്ത പട്ടികജാതി—പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ഉദാരമാക്കുക.

(5) പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു വേണ്ട ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

(6) വാടകകെട്ടിടങ്ങളിൽ നടത്തുന്ന ഹോസ്റ്റലുകൾക്ക് സർക്കാർ വക കെട്ടിടങ്ങൾ പണിയുകയും മുന്നോക്ക സമുദായത്തിൽപ്പെട്ട കുട്ടികൾക്ക് ഈ ഹോസ്റ്റലുകളിൽ 25% സീറ്റ് മാറ്റിവയ്ക്കുകയും ചെയ്യണം.

(7) പട്ടികജാതി—പട്ടികവർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് താമസസൗകര്യം കിട്ടാൻ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കാക്കി പുതിയ ഹോസ്റ്റലുകൾ തുടങ്ങണം, പൊതു ഹോസ്റ്റലുകളിൽ പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള സംവരണം കൃത്യമായി പാലിക്കണം, കട്ടിൽ, കിടക്ക, മേശ, കസേര തുടങ്ങിയവ നൽകണം,

(8) പ്രീ–എക്സാമിനേഷൻ പരിശീലന കേന്ദ്രത്തിലെ വിദ്യാർത്ഥികളുടെ സ്റ്റൈപ്പൻറ് വർദ്ധിപ്പിക്കണം.

(9) സാങ്കേതിക വിഷയങ്ങളിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുകയും പുതിയ തൊഴിലുകളിൽ പരിശീലനം നൽകുകയും ചെയ്യണം.

(10) പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെട്ട അർഹരായ വിദ്യാർത്ഥികളെ പ്രൊത്സാഹനാർത്ഥം ഗവേഷണ പഠനങ്ങൾക്ക് തിരഞ്ഞെടുക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(11) വിദേശങ്ങളിൽ ഉന്നത വിദ്യാഭ്യാസം നടത്തുവാൻ അവസരങ്ങളുണ്ടാകുമ്പോൾ, അതിൽ 10% പട്ടികജാതി—പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്കായി സംവരണംചെയ്യുക.

(12) വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കണം.

(13) ഗാന്ധിജി വിഭാവനചെയ്ത അടിസ്ഥാന വിദ്യാഭ്യാസ തത്ത്വത്തിലധിഷ്ഠിതമായ പുതിയ വിദ്യാഭ്യാസ സമ്പ്രദായങ്ങൾ ആവിഷ്കരിക്കുക.

(14) സ്റ്റൈപ്പെൻറ്, ലംപ്സംഗ്രാൻറ് മുതലായവ കൃത്യ സമയങ്ങളിൽ വിതരണത്തിന് എർപ്പാട് ചെയ്യണം.

നിർദ്ദേശം 3—തൊഴിൽ

(1) കാർഷിക മേഖലകളിലും ദിവസക്കൂലി നല്കുന്ന മറ്റു മേഖലകളിലും മിനിമംകൂലി നടപ്പിൽ വരുത്തണം.

(2) സ്വന്തം ഭൂമിയുള്ള പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് കൃഷിക്ക് വേണ്ട വസ്തുക്കളും കാർഷികോപകരണങ്ങളും വിതരണം ചെയ്യണം.

(3) പട്ടികജാതി—പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ ഏർപ്പെട്ടിട്ടുള്ള പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നല്കുകയും, അംഗീകൃത ഹരിജന–ഗിരിജന സംഘങ്ങൾവഴി അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുകയും വേണം.

(4) താല്പര്യമുള്ള പട്ടികജാതി—പട്ടികവർഗ്ഗക്കാർക്ക് കൃഷിക്കു വേണ്ടി വിസ്തൃതമായ കൃഷിഭൂമി അനുവദിക്കണം.

(5) പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ അതിർത്തികളിലെ പെട്ടിക്കടകളിൽ 10% പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കു വേണ്ടി സംവരണം ചെയ്യണം.

(6) പരമ്പരാഗതമായി അലക്കുതൊഴിലിലേർപ്പെട്ടിരിക്കുന്ന ഹരിജനങ്ങൾക്ക് ആധുനിക രീതിയിലുള്ള അലക്കു കമ്പനികൾ തുടങ്ങാൻ സഹായം നല്കണം.

(7) പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കുള്ള സാങ്കേതിക പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം പൂർത്തിയാക്കിയവരെ, സഹകരണ സംഘങ്ങളായി സംഘടിപ്പിച്ച് പ്രവർത്തിക്കുവാൻ സഹായിക്കണം.

നിർദ്ദേശം 4—വരുമാനം

പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുകവഴി അവരുടെ സാമ്പത്തിക പുരോഗമനത്തിന് സഹായം നല്കണം.

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം 5—ഭൂമി

(1) ഭൂരഹിത കർഷകത്തൊഴിലാളികളായ ഹരിജനങ്ങൾക്ക് കൃഷിക്കു പയുക്തമായ ഭൂമിയും, മറ്റുള്ളവർക്ക് വീട് നിർമ്മിക്കുവാനുള്ള ഭൂമിയും നല്കുക.

(2) വായ്പ പദ്ധതികൾ ലഭ്യമാകാൻ സഹായിക്കുമാറ് ഭൂമി അനുവദിച്ചുകൊടുത്തിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഭൂമിയിൽ നിക്ഷിപ്തമായ അവകാശത്തിന് പട്ടയം നല്കണം.

(3) വനഭൂമി പതിച്ചുകൊടുക്കുന്ന കാര്യം ത്വരിതപ്പെടുത്തണം.

(4) ഗിരി വർഗ്ഗക്കാർക്ക് പതിച്ചു കൊടുത്തിട്ടുള്ള ഭൂമി കൈമാറ്റം ചെയ്യാതിരിക്കാൻ അടിയന്തിരമായി നിയമം നടപ്പിൽ വരുത്തുക.

(5) പഞ്ചായത്തിലെയും, പട്ടണങ്ങളിലെയും ഓരോ വാർഡുകളിലും പൊതു ശ്മശാനങ്ങൾ സ്ഥാപിക്കണം.

(6) ഹരിജനങ്ങളെ പീഡിപ്പിക്കുന്നതും, അവരുടെ ഭൂമി കയ്യേറുന്നതും തടയുവാൻ നടപടികളെടുക്കണം.

(7) നിക്ഷിപ്ത വനഭൂമി പതിച്ചുകൊടുക്കുമ്പോൾ ഗിരിവർഗ്ഗക്കാർക്ക് മുൻഗണന നല്കണം.

നിർദ്ദേശം 6—സഹകരണ പ്രസ്ഥാനം

(1) സഹകരണ പ്രസ്ഥാനത്തിനുള്ള സംരംഭങ്ങളിൽ ഹരിജനങ്ങൾക്കും പ്രാതിനിധ്യം നല്കാൻവേണ്ടി ഓഹരി മൂലധന സംഖ്യയും മാനേജീരിയൽ സബ്സിഡിയും നൽകണം.

(2) കാർഷിക സഹകരണ സംഘങ്ങൾ, ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ, വനവിഭവങ്ങൾ സംഭരിച്ച് വിതരണംചെയ്യുന്ന സഹകരണ സംഘങ്ങൾ, കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഹരിജൻ സഹകരണ സംഘങ്ങൾ എന്നിവക്ക് മുൻഗണന നല്കണം.

നിർദ്ദേശം 7—ആരോഗ്യം

(1) മുലയൂട്ടുന്ന അമ്മമാർക്കും, കുട്ടികൾക്കുംവേണ്ടി പോഷകാഹാര വിതരണ കേന്ദ്രങ്ങൾ കോളനികളിൽ ആരംഭിക്കണം.

(2) ആശുപത്രികളും മറ്റ് ചികിത്സാ കേന്ദ്രങ്ങളും ഹരിജനങ്ങൾക്ക് ഉപയോഗപ്പെടുത്താൻ തക്കവിധം സൗകര്യപ്രദമായ സ്ഥലങ്ങളിൽ ആരംഭിക്കണം.

(3) സർക്കാർ ആശുപത്രികളിൽ ഹരിജനങ്ങളോട് അനുവർത്തിക്കുന്ന വിവേചനപരമായ പെരുമാറ്റത്തിനെതിരെ നടപടികളെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം 8—പാർപ്പിട സൗകര്യം

(1) കുടിലുകളിലും വാസയോഗ്യമല്ലാത്ത മറ്റു ഷെഡ്ഡുകളിലും താമസിച്ചുവരുന്ന മൂന്നര ലക്ഷത്തോളം വരുന്ന പട്ടികജാതി—പട്ടിക വർഗ്ഗക്കാർക്ക് വീടുകളുണ്ടാക്കിക്കൊടുക്കാൻ പരിപാടിയുണ്ടാക്കണം.

നിർദ്ദേശം 9—കോളനികളും സെറ്റിൽമെൻറുകളും

(1) കോളനികൾ സ്ഥാപിച്ച് ഭൂരഹിതരായ പട്ടികജാതി—പട്ടിക വർഗ്ഗക്കാരുടെ പാർപ്പിടസൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

(2) പട്ടികജാതി—പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ അവർക്ക് വേണ്ട സൗകര്യങ്ങൾ ഉറപ്പുവരുത്താൻ ഒരു സമയബന്ധിത പരിപാടിക്ക് രൂപം നല്കണം.

(3) മദ്യപാനം നിരുത്സാഹപ്പെടുത്താൻ ഹരിജൻ കോളനികൾക്ക് സമീപത്ത് മദ്യഷാപ്പുകൾ അനുവദിക്കാതിരിക്കുകയും, വ്യാജ മദ്യോല്പാദനം തടയുകയും ചെയ്യണം.

(4) പ്രത്യേക ഘടക പദ്ധതിപ്രകാരം അനുവദനീയമായ തുക ഹരിജനങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുപയുക്തമായ രീതിയിൽ ചിലവഴിക്കണം.

നിർദ്ദേശം 10—കോളനിവൽക്കരണം

കോളനൈസേഷൻ സ്കീമിന് വേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി, വേഗത്തിൽ നടപ്പിൽവരുത്തണം.

നിർദ്ദേശം 11

സർക്കാർ സ്ഥാപനങ്ങളിലും മറ്റുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കുള്ള പ്രാതിനിദ്ധ്യം ഉറപ്പുവരുത്തണം.

(1) പട്ടികജാതിയിൽപ്പെട്ടവർക്ക് ഗവൺമെൻറ് പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനത്തിനുള്ള സംവരണം 10% ആക്കി വർദ്ധിപ്പിക്കണം.

(2) (2), (3) നിശ്ചിത ശതമാനം പ്രാതിനിധ്യം കിട്ടാത്ത വകുപ്പുകളിലേക്ക് സ്പെഷ്യൽ റിക്രൂട്ടുമെൻറ് നടത്തി കുറവ് നികത്തണം.

(4) സംവരണ തസ്തികകളിലേക്കുള്ള നിയമനത്തിന് വേണ്ടിവന്നാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രത്യേക യോഗ്യതാ നിർണ്ണയ പരീക്ഷ നടത്തണം.

(5) ഉയർന്ന തസ്തികകളിലേക്കുള്ള നിയമനത്തിന് നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ, താഴെയുള്ള തസ്തികകളിലെ പട്ടികജാതിയിൽപ്പെട്ട ഉദ്യോഗസ്ഥൻമാരെ പ്രമോട്ട് ചെയ്ത് നിയമിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(6) പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെട്ട വിവിധ സമുദായങ്ങളിൽ സംവരണ ലക്ഷ്യം നേടിയവരേയും, ലക്ഷ്യത്തിൽ എത്താത്തവരേയും പ്രത്യേക ഗ്രൂപ്പായി പരിഗണിച്ച് സംവരണ ശതമാനം വേറെ വേറെ നിജപ്പെടുത്തണം.

(7) ഒരു ഗ്രൂപ്പിൽ ഒരു പ്രത്യേക തസ്തികയിലേക്കുള്ള നിയമനത്തിൽ വേണ്ടത്ര യോഗ്യതയില്ലാത്ത ഉദ്യോഗാർത്ഥികളെ കിട്ടാതിരുന്നാൽ മറ്റു ഗ്രൂപ്പിൽനിന്നും തല്ക്കാലം നിയമനംനടത്തി ഭാവിയിൽ നടത്തുന്ന നിയമനങ്ങളിലൂടെ ആ വ്യത്യാസം നികത്തണം.

നിർദ്ദേശം 12—അയിത്തോച്ചാടനം

(1) അയിത്തോച്ചാടനത്തിനുവേണ്ടി ജനസമ്മതവും സ്വാധീനവുമുള്ള പ്രാദേശിക വ്യക്തികളുടെ സഹകരണം ആവശ്യപ്പെടുക.

(2) അയിത്തോച്ചാടനത്തിന്റെ ആവശ്യകതയെപ്പറ്റി താണ ജാതിക്കാരെ ബോധവാന്മാരാക്കുക.

(3) ശുചിത്വം, ആരോഗ്യപരിപാലനം, പരിസര ശുചീകരണം എന്നിവയെപ്പറ്റി ഹരിജനങ്ങളെ ബോധവാന്മാരാക്കുക.

(4) പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് മറ്റ് സമുദായത്തിൽപ്പെട്ടവർ താമസിക്കുന്ന വീടുകളുടെ ഇടക്ക് വീടുകൾ വച്ചും മറ്റും മറ്റുള്ള സമുദായങ്ങളുമായി സഹവാസത്തിനുള്ള അവസരം കൊടുക്കുക.

(5) പാരാവകാശ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെക്കുറിച്ച് ഹരിജനങ്ങളെ ബോധവാന്മാരാക്കുകയും, തൊട്ടുകൂടായ്മക്കെതിരെയുള്ള കേസുകളിൽ പെട്ടെന്ന് തീർപ്പുണ്ടാകാൻവേണ്ടി പ്രത്യേക കോടതികൾ ആരംഭിക്കുകയും ചെയ്യുക.

നിർദ്ദേശം 13—ഹരിജന വികസന കോർപ്പറേഷൻ

(1) വിവിധ സഹായങ്ങൾക്കുവേണ്ടി കോർപ്പറേഷനിൽ ലഭിക്കുന്ന അപേക്ഷകളിൻമേൽ സത്വരമായി പരിശോധനകൾ നടത്താൻ ഫീൽഡ് സ്റ്റാഫിനെ ഏർപ്പെടുത്തുക.

(2) കോർപ്പറേഷന്റെ നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് കൃഷിഭൂമി ഓരോ വ്യക്തിയും പ്രത്യേകം വാങ്ങുന്നത് പ്രായോഗികമല്ലാത്തതിനാൽ വിസ്തൃതമായ കൃഷിഭൂമി വാങ്ങി പലർക്കായി വിതരണംചെയ്യുക.

(3) വായ്പകൾ നല്കുന്ന ഒരു സ്ഥാപനം എന്ന നിലയിൽനിന്നും മാറി ഹരിജനങ്ങൾക്ക് പങ്കാളിത്തം നല്കുന്ന വ്യാവസായിക സംരംഭങ്ങളും സ്ഥാപനങ്ങളും ആരംഭിക്കാനുള്ള ഒരു സംരംഭം കോർപ്പറേഷനിലുണ്ടാക്കുക.

നിർദ്ദേശം 14—ഭരണ സംവിധാനം

വേഗതയ്ക്കും കാര്യക്ഷമതയ്ക്കുംവേണ്ടി നിലവിലുണ്ടായിരുന്ന ഭരണസംവിധാനത്തിൽ മാറ്റം വരുത്തേണ്ടതിനുള്ള വിവിധ നിർദ്ദേശങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം 15

(1) പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെട്ടവർ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങൾക്ക് പ്രത്യേക പരിഗണന നല്കണം.

(2) 1971-ലെ സെൻസസ്സിനുപ്രകാരം ആകെ ജനസംഖ്യയുടെ 10 ശതമാനത്തിൽ അധികം പട്ടികജാതി—പട്ടികവർഗ്ഗക്കാർ വസിക്കുന്ന പഞ്ചായത്തുകളെ ഹരിജനവാസ കേന്ദ്രങ്ങളായി പ്രഖ്യാപിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

നടപ്പിലാക്കിയ നിർദ്ദേശങ്ങൾ

1. (i) സംസ്ഥാനത്തെ പട്ടികജാതി—പട്ടികവർഗ്ഗങ്ങളുടെ ഇപ്പോഴുള്ള പട്ടിക പുതുക്കുന്നതിനുവേണ്ടി ഒരു ലിസ്റ്റ് കേന്ദ്ര സർക്കാരിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ii) ഒന്നിൽകൂടുതൽ പേരുകളിൽ അറിയപ്പെടുന്ന ജാതികളെ ഒരേ ജാതിയായി കണക്കാക്കണമെന്ന നിർദ്ദേശം കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്.

(iii) കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ മലയൻമാരെ പട്ടികജാതിക്കാരായും, മറ്റു ജില്ലകളിലെ മലയൻമാരെ പട്ടികവർഗ്ഗക്കാരായും കണക്കാക്കുന്നതിനു കേന്ദ്ര സർക്കാരിലേക്ക് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

(iv) 15-10-84-ലെ ജി. ഒ. എം. എസ്. നമ്പർ 72/84/പജ. പവ. വി. വ. ഉത്തരവനുസരിച്ച് കേരളത്തിൽ മുഴുവൻ തണ്ടാൻമാരേയും പട്ടികജാതിക്കാരുടെ ലിസ്റ്റിൽ പെടുത്തിയിട്ടുണ്ട്.

(v) (v) (vi) ഇപ്പോഴുള്ള പട്ടികജാതിക്കാരുടെയും, പട്ടികവർഗ്ഗക്കാരുടെയും ലിസ്റ്റിൽ ആവശ്യമായ വ്യത്യാസങ്ങൾ വരുത്തുവാൻ കേന്ദ്ര ഗവൺമെന്റിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

2. പട്ടികജാതിയിൽനിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പ്രത്യക്ഷ രക്ഷാദൈവസഭയുടെ അംഗങ്ങൾ സ്കൂൾ റിക്കാർഡിലുള്ള ജാതിയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

3. ഒരു വ്യക്തിയുടെ ജാതി കണ്ടുപിടിക്കുന്നതിന് സർക്കാരിൽ നിന്നും പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ട്.

4. പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ അവിഹിതമായി തട്ടിയെടുക്കാൻ ശ്രമിക്കുന്നവർക്കെതിരെ കർശനമായ നടപടികളെടുക്കാൻ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. വിദ്യാഭ്യാസം

(1) പട്ടികജാതി—പട്ടികവർഗ്ഗക്കാർക്ക് ഇന്നുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഇപ്പോഴത്തെ അവസ്ഥയിൽ തുടർന്നുപോകുന്നതാണ്

LIBRARY ARCHIVES Kerala Legislative Assembly

(2) പട്ടികജാതി വികസനവകുപ്പിന്റെകീഴിൽ 56 നഴ്സറി സ്കൂളുകളും, 225 ബാലവാടികളും ഉണ്ട്. കുറഞ്ഞ സാക്ഷരതയുള്ള വീടുകളിലെ കഞ്ഞുങ്ങൾക്ക് ഈ സ്ഥാപനങ്ങളിൽ പ്രവേശനം നിഷേധിക്കുന്നില്ല.

(3) (എ) 1, 2, 3, (ബി)-യും, (സി)-യും.

മൂന്നു വർഷത്തിലൊരിക്കൽ ഈ വിഭാഗക്കാർക്കുനൽകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്ക് പുതുക്കാറുണ്ട്. 3-1-85-ലെ ജി. ഒ. എം. എസ്. 02/85/ഹ. ക്ഷേ. വ. നമ്പർ ഉത്തരവനുസരിച്ച് വിദ്യാഭ്യാസാനുകൂല്യങ്ങളുടെ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്.

(4) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മൂന്നു വർഷത്തിനിടയിൽ രണ്ട് ചാൻസ് പരീക്ഷാഫീസ് നൽകുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇത് നാലുവർഷത്തിനിടയിൽ മൂന്നു പ്രാവശ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. 3-1-86-ലെ 2/86/പജ. പവ. വി. വ. ഉത്തരവുപ്രകാരം ഹോസ്റ്റലുകളിലെ അന്തേവാസികൾക്കുള്ള ഭക്ഷണച്ചിലവിനുള്ള തുക പ്രതിമാസം 140 രൂപയായി 1-4-86 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

പ്രത്യേക ഘടക പദ്ധതിയനുസരിച്ച് പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കോളേജുകളിൽ പ്രത്യേക പരിശീലന ക്ലാസ് നല്കുന്നുണ്ട്.

(5) ഇപ്പോൾ, പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ 90 വെൽഫെയർ ഹോസ്റ്റലുകളും, 20 കോസ്മോപൊളിറ്റൻ ഹോസ്റ്റലുകളും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 108 വെൽഫെയർ ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഹോസ്റ്റലുകൾകൂടി തുടങ്ങുന്നതിന് തീർച്ചയാക്കിയിട്ടുണ്ട്.

(6) മേൽപ്പറഞ്ഞ ഹോസ്റ്റലുകളിൽ 41 എണ്ണമൊഴിച്ച്, ബാക്കിയുള്ളവയെല്ലാം വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. 20 കോസ്മോപൊളിറ്റൻ ഹോസ്റ്റലുകളിൽ 8 എണ്ണം സർക്കാർ പണികഴിപ്പിച്ച ഹോസ്റ്റലുകളിൽ പ്രവർത്തിക്കുന്നു.

(7) ആവശ്യമുള്ള സ്ഥലത്തു പുതിയ ഹോസ്റ്റലുകൾ തുടങ്ങുവാൻ നടപടികൾ എടുക്കുന്നുണ്ട്. കോളേജ് ഹോസ്റ്റലുകളിലും മറ്റു ഹോസ്റ്റലുകളിലും റിസർവ്വേഷൻ പാലിക്കാത്ത കേസുകൾ കണ്ടുപിടിച്ചാൽ ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്.

(8) ഇപ്പോൾ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ മൂന്നു പ്രീ–എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളുണ്ട്. ഈ സ്ഥാപനങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്നതുകൊണ്ട് കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ചു മാത്രമെ സ്റ്റൈപ്പെന്റ് വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളു. സ്റ്റൈപ്പെന്റ് വർദ്ധിപ്പിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(9) പട്ടികജാതി വികസനവകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രങ്ങളിൽ പുതിയ ട്രെയിഡുകൾ തുടങ്ങുന്നതിനെ സംബന്ധിച്ച് പ്രത്യേകമായി നിയോഗിക്കപ്പെട്ട കമ്മറ്റി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിൻമേൽ അടുത്തുതന്നെ തീരുമാനം എടുക്കുന്നതാണ്.

(10) ഗവേഷണം നടത്തുന്ന പട്ടികജാതി—പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് സർവ്വകലാശാലയുമായി ആലോചിച്ച് ആവശ്യമായ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

(11) 14-3-84-ലെ ജി. ഒ. ആർ. ടി. 139/84/ഹ. ക്ഷേ. വ. നമ്പർ ഉത്തരവനുസരിച്ച് 35 വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(12) 24-6-83-ലെ ജി. ഒ. (പി.) 13/83/ഹ. ക്ഷേ. വ. നമ്പർ ഉത്തരവനുസരിച്ച് എല്ലാ മാസവും 10-ാം തിയ്യതിക്കകം സ്റ്റൈപ്പെൻറ് വിതരണം നടത്തുന്നുണ്ട്.

3. തൊഴിൽ

(1) ഇക്കാര്യത്തിൽ വേണ്ട നടപടികളെടുക്കാൻ തൊഴിൽ വകുപ്പിനോട് ആവശ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ പ്രവർത്തനം ശീഘ്രതരം തുടരുന്നു.

(2) കൃഷിവകുപ്പിൽനിന്നും കൃഷിക്കാവശ്യമായ വിത്തും, വളവും, കാർഷികോപകരണങ്ങളും നൽകുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിൽനിന്നും സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് വ്യവസായ സംരംഭങ്ങൾക്ക് ധനസഹായവും പലിശരഹിത വായ്പയും നല്കുന്നുണ്ട്.

(3) ശുപാർശ ഇല്ല.

(4) കേരള സംസ്ഥാന പട്ടികജാതി—പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കീഴിൽ ഇപ്പോഴത്തന്നെ ഇതിനുവേണ്ടിയുള്ള പല പദ്ധതികളും നിലവിലുണ്ട്.

(5) കേരള സംസ്ഥാന പട്ടികജാതി—പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്നും കൃഷിഭൂമി വാങ്ങുവാൻ വേണ്ടിയുള്ള വായ്പകൾ അനുവദിച്ചുവരുന്നുണ്ട്.

(6) ആവശ്യമായ നടപടികൾ എടുക്കുവാൻ ഈ വിഷയത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നല്കികഴിഞ്ഞു.

(7) എല്ലാവർഷവും, പട്ടികജാതിക്കാർക്കും—പട്ടികവർഗ്ഗക്കാർക്കും പലിശരഹിത വായ്പ നൽകുന്നുണ്ട്. ബഡ്ജറ്റിന്റെ കുറവുമൂലം വളരെ കുറച്ചു കുടുംബങ്ങൾക്കേ ഈ വായ്പ നൽകുവാൻ സാധിക്കുന്നുള്ളു.

(8) പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നേടിയവർക്കുവേണ്ടി 10 വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ സംഘങ്ങളിൽനിന്നും സാധനങ്ങൾ വാങ്ങുന്നതിന് വിവിധ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് വകുപ്പുകൾക്കും ഏജൻസികൾക്കും സ്റ്റേറ്റാർ പർച്ചേഴ്സ് നിയമങ്ങളിൽനിന്നും ഒഴിവാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്.

4. വരുമാനം .

24-12-83-ലെ ജി.ഒ.ആർ.ററി. 512/83/ഹ.ക്ഷേ.വ. നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് ലൈറ്റ്, മോട്ടോർ വെഹിക്കിൾസ് ഡ്രൈവിംഗിൽ ലൈസൻസ് ഉള്ളവർക്ക് ഹെവി വെഹിക്കിൾ സിൽ ലൈസൻസ് ലഭിക്കുന്നതിന് ഒരു പദ്ധതിക്ക് അനുമതി നല്കിയിട്ടുണ്ട്. ഇതു പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിന് സഹായകമാണ്. ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി അനുയോജ്യമായ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ ലഭിക്കുന്നുണ്ട്. ഇതുകൂടാതെ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയനുസരിച്ച് ലാൽബഹദൂർ ശാസ്ത്രി എഞ്ചിനീയറിംഗ് റിസർച്ച് കൺസൽട്ടൻസി സെൻററിൽവച്ച് ചുവടെ കുറിക്കുന്ന പരിശീലനകോഴ്സുകൾ നടത്തുന്നുണ്ട്.

1. ഇൻസ്ട്രുമെൻറേഷൻ സർവ്വീസ്.
2. ഡോം ആൻറ് ടോയി മെയ്ക്കിംഗ്.
3. കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് ആൻറ് കൺസോൾ ഓപ്പറേഷൻ.
4. ഹെവി ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവിംഗ്.

5. ഭൂമി

(1) ഇരുപതിന പരിപാടിയുടെ ഭാഗമായി സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളിൽക്കൂടി ഇത്തരം ആനുകൂല്യങ്ങൾ പട്ടികജാതി—പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു.

(2) കഴിയുന്നതും വേഗത്തിൽ പട്ടയം നല്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ഇക്കാര്യത്തിൽ വേണ്ട നടപടികൾ എടുക്കുന്നതിന് കൃഷി (വനം) വകുപ്പിന് നിർദ്ദേശം നല്കികഴിഞ്ഞു.

(4) റവന്യൂ വകുപ്പിൽ ഇക്കാര്യത്തിൽ നടപടികൾ എടുത്തുവരികയാണ്.

(5) പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും ഇക്കാര്യത്തിൽ നടപടികൾ എടുക്കുന്നുണ്ട്.

(6) ബന്ധപ്പെട്ട വകുപ്പുകൾക്ക് ഇക്കാര്യത്തിൽ അടിയന്തിര നിർദ്ദേശങ്ങൾ നൽകികഴിഞ്ഞു.

(7) ഇക്കാര്യത്തിൽ വനംവകുപ്പിനും, റവന്യൂവകുപ്പിനും നിർദ്ദേശം നല്കികഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

6. സഹകരണ പ്രസ്ഥാനം

(1) റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചുവരുന്നുണ്ട്.

(2) ഇതിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികൾ എടുക്കുവാൻ ബന്ധപ്പെട്ട വകുപ്പു മേലധികാരികൾക്കും നിർദ്ദേശം നല്കി കഴിഞ്ഞു.

7. ആരോഗ്യം

(1) ബാലവാടികൾ, അംഗനവാടികൾ എന്നിവയോടനുബന്ധിച്ച് ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സാമൂഹ്യവികസന വകുപ്പിന് വേണ്ട നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

(2) പ്രത്യേക ഘടകപദ്ധതിപ്രകാരം കോളനികളിൽ പുതുതായി ആശുപത്രികൾ സ്ഥാപിക്കുവാൻ ആരോഗ്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(3) ഇപ്രകാരമുള്ള സംഭവങ്ങൾ അറിവിൽപ്പെട്ടാൽ സബ്കളക്ടർമാർ, ആർ. ഡി. ഒ. മാർ എന്നിവരോട് അതേപ്പറ്റി അന്വേഷിച്ച് വേണ്ട നടപടികളെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

8. പാർപ്പിട സൗകര്യം

(1) ഹരിജനക്ഷേമ–ഗിരിജനക്ഷേമ വകുപ്പുകളും, പട്ടികജാതി–പട്ടികവർഗ്ഗ വികസന കോർപ്പറേഷനും ഏർപ്പെടുത്തിയിട്ടുള്ള ഭവന നിർമ്മാണ പദ്ധതികൾക്കുപുറമെ ഭവന നിർമ്മാണത്തിലേർപ്പെട്ടിട്ടുള്ള മറ്റു സ്ഥാപനങ്ങളുടെ പദ്ധതിയിൽ 10 മുതൽ 15 വരെ ശതമാനമെങ്കിലും ഭവനങ്ങൾ പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കുവേണ്ടി സംവരണംചെയ്യുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(2) മുതൽ (9) വരെയുള്ള ശുപാർശകൾ തത്വത്തിൽ അംഗീകരിക്കുകയും, മോശപ്പെട്ട വീടുകളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നതിന് ജില്ലാ താലൂക്ക് വെൽഫെയർ ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്.

ഭവന നിർമ്മാണത്തിനായി താഴ്ന്ന വരുമാനക്കാർക്ക് 6,000 രൂപ വീതം ഗ്രാൻറും, മറ്റുള്ളവർക്ക് അവരുടെ വരുമാനത്തിൻറെ അടിസ്ഥാനത്തിൽ 10,000 രൂപ വരെ വായ്പയും അനുവദിക്കുന്നുണ്ട്. ഉപഭോക്താവിനെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഇത്തരം പദ്ധതികളിൽ കമ്മീഷൻറെ ശുപാർശപ്രകാരം, 4 ഗഡുക്കളായിട്ടാണ് വായ്പതുക നല്കാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

9. കോളനികളും സെറ്റിൽമെൻറുകളും

1. ഇക്കാര്യത്തിൽ ആവശ്യമായ നടപടികളും എടുത്തിട്ടുണ്ട്.
2. ജില്ലാ വികസന പരിപാടിയുടെ ഭാഗമായി ഇക്കാര്യങ്ങളും അതാത് ജില്ലാ കലക്ടർമാർ പ്രത്യേക ഘടക പദ്ധതിയിൻകീഴിൽ നടപ്പിൽ വരുത്തുന്നുണ്ട്.
3. ഇതേ സംബന്ധിച്ച് നടപടികളും എടുക്കാൻ ബന്ധപ്പെട്ട വകുപ്പിനും നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്.
4. ഇക്കാര്യങ്ങളും ജില്ലാ വികസനപരിപാടിയുടെ ഭാഗമായി ജില്ലാ കലക്ടർമാർ നടപ്പിൽവരുത്തുന്നുണ്ട്.

10. കോളനിവൽക്കരണം

1 മുതൽ 5 വരെ

കോളനൈസേഷൻ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളും നടപ്പിലാക്കുന്ന സമയങ്ങളിൽ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള തത്വങ്ങളും വേണ്ടവിധം ശ്രദ്ധിക്കുന്നുണ്ട്.

11. സർക്കാർ സ്ഥാപനങ്ങളിലും മറ്റുള്ള പൊതു മേഖലാ സ്ഥാപനങ്ങളിലും പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കുള്ള പ്രാതിനിധ്യം ഉറപ്പുവരുത്തണം

1. ഈ കാര്യത്തിനു ഒരു കമ്മീഷനെ നിയമിക്കുന്നകാര്യം പൊതുഭരണ വകുപ്പിൽ പരിഗണനയിലിരിക്കുകയാണ്.

(2), (3) ഈ കാര്യം നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്.

(4) കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ച് നിയമനകാര്യങ്ങളിൽ ആവശ്യമായ ഭേദഗതികളും വരുത്തുന്നതാണ്.

(5) നേരിട്ടുള്ള നിയമനത്തിന് അർഹതയുള്ള ഉദ്യോഗാർത്ഥികളും ഇല്ലെങ്കിൽ ജോലിയിലിരിക്കുന്നവർക്കും ആ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ അവസരം നല്കുന്നതാണ്.

(6) ശുപാർശയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും നടപ്പിൽവരുത്തുന്നതിനുള്ള നിർദ്ദേശങ്ങളും നല്കികൊണ്ടിരിക്കുകയാണ്.

(7) നടപടികളും സ്വീകരിച്ചുവരുന്നു.

12. അയിത്തോച്ചാടനം

1 മുതൽ 3 വരെ.

ഈ കാര്യത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ പരസ്യ വിഭാഗത്തിന് ആവശ്യമായ നിർദ്ദേശങ്ങളും നല്കികഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(4) പട്ടികജാതിക്കാരെ മറ്റു വിഭാഗങ്ങളിൽനിന്നുമുള്ളവരിൽനിന്ന് അകറ്റിനിർത്തുന്നതു തടയുന്നതിനും, വിവിധ ജാതിയിലുള്ളവരെ ഒന്നിച്ച് പാർപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രോത്സാഹനം നല്കുന്നുണ്ട്.

(5) ഇത്തരത്തിലുള്ള തീർപ്പാവാത്ത കേസുകളുടെ എണ്ണം വളരെ കുറവായതിനാൽ പ്രത്യേക കോടതികൾ ആരംഭിക്കേണ്ട ആവശ്യമില്ല. മറ്റു നടപടികൾ തുടർന്നുവരുന്നു.

13. പട്ടികജാതി–പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

(1) ടി കോർപ്പറേഷനിൽനിന്നും ധനസഹായം ലഭിക്കുന്നതിന് പട്ടികജാതി–പട്ടികവർഗ്ഗക്കാരിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ ഈ വകുപ്പിലെ ഫീൽഡ് ഉദ്യോഗസ്ഥൻമാർ പരിശോധിക്കുന്നുണ്ട്.

2 (എ)-യും, (ബി)-യും.

പട്ടികജാതി–പട്ടികവർഗ്ഗ വികസന കോർപ്പറേഷന് പദ്ധതി നടപ്പിൽവരുത്തുവാൻ ബുദ്ധിമുട്ടുണ്ടെന്നറിയിച്ചതിനാൽ പ്രസ്തുത പരിപാടിയും പട്ടികജാതി വികസന വകുപ്പിലൂടെ ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്.

(3) നടപടികൾ എടുത്തുവരുന്നു.

14. ഭരണ സംവിധാനം

28-7-1983-ലെ ജി. ഒ. (പി.) 18/83/ഹ. ക്ഷേ. വ. നമ്പർ ഉത്തരവനുസരിച്ച പുതിയ ഭരണ സംവിധാനം നടപ്പിലാക്കികഴിഞ്ഞു.

15. പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ടവർ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങൾക്ക് പ്രത്യേക പരിഗണന നല്കണം

പത്തോ അതിലധികമോ പട്ടികജാതി–പട്ടികവർഗ്ഗ കുടുംബങ്ങൾ വസിക്കുന്ന സ്ഥലങ്ങളെ ഹരിജന/ഗിരിജന സങ്കേതങ്ങളായി കണക്കാക്കി പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ എത്തിക്കുവാൻവേണ്ട സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതനുസരിച്ച് ജില്ലാ തലത്തിലുള്ള ഒരു വർക്കിംഗ് ഗ്രൂപ്പ് ഇത്തരം പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കിവരികയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly